സർക്കാരിൽ നിന്നും 150.93 കോടി രൂപ നെല്ല് സംഭരണയിനത്തിൽ സപ്ലൈകോയ്ക്ക് നൽകുവാനുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കർഷകർക്ക് നെല്ല് വില നൽകുന്നതിനുള്ള തുക സപ്ലൈകോയ്ക്ക് നൽകുന്നതാണ്.

(ഇ) സ്വകാര്യ മില്ലുടമകളുടെ ചൂഷണത്തിൽ നിന്ന് കർഷകരെ സംരക്ഷിക്കുന്നതിനായാണ് ഇന്ത്യയിൽ നിലവിലുള്ള ഏറ്റവും കൂടിയ സംഭരണ വില കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകി (കിലോ ഗ്രാമിന് 19 രൂപ) കേരള സർക്കാർ കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നത്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച താങ്ങുവില 13 രൂപ 60 പൈസ മാത്രമാണ്. നെൽ വില യഥാസമയം നൽകുന്നതിനായി ദേശസാൽകൃത ബാങ്കുകളായ കാനറ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ, പാലക്കാട്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളുമായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ ധാരണാ പത്രം ഒപ്പിട്ടിട്ടുണ്ട്. കൂടാതെ കോർപ്പറേഷൻ ബാങ്കുകളിൽ നിന്ന് നേരിട്ട് വായ്പ എടുത്തും കർഷകർക്ക് സംഭരണ വില നൽകുന്നുണ്ട്.

ഭിന്നശേഷിയുള്ള കുട്ടികൾക്ക് റിസോഴ്സ് സെന്ററുകൾ

24(*264) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പാലോട് രവി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കൂളുകൾ കേന്ദ്രമാക്കി റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി, ശാരീരികവും മാനസികവുമായ ആരോഗ്യം എന്നിവ ഉറപ്പ് വരുത്തുന്നതിന് പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) : സർ,

(എ) സർവ ശിക്ഷാ അഭിയാന്റെ സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരം ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ / സി.ആർ.സി. കൾ കേന്ദ്രീകരിച്ചാണ് റിസോഴ്സസ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നത്.

(ബി) സർവ ശിക്ഷാ അഭിയാൻ സംയോജിത വിദ്യാഭ്യാസ പദ്ധതിപ്രകാരം ഭിന്നശേഷിയുള്ള കുട്ടികൾക്ക് കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ സാധാരണ കുട്ടികൾക്കൊപ്പം വിദ്യാഭ്യാസം ഉറപ്പുവരുത്തുകയും, മുഖ്യധാരാ വിദ്യാഭ്യാസത്തിന്റെ മേൻമകളെക്കുറിച്ച് സമൂഹത്തെ ബോധവൽക്കരിക്കുകയും, ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷകർത്താക്കൾക്കും അവരെ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും പഠന പ്രവർത്തനങ്ങളിൽ ആവശ്യമായ പിന്തുണ നൽകുകയും, വൈകല്യം ലഘൂകരിക്കുന്നതിനുള്ള ഉപകരണങ്ങൾ ലഭ്യമാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്.

(സി) ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ കേന്ദ്രീകരിച്ച് പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പഠിപ്പിക്കുന്നതിനായി പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപകർ ടി കുട്ടികൾക്ക് റെമഡിയൽ ക്ലാസുകൾ, രക്ഷിതാക്കൾക്കായി ബോധവൽക്കരണ ക്ലാസ്സുകൾ, സ്പീച്ച് തെറാപ്പി, ഫിസിയോതെറാപ്പി ക്ലാസുകൾ, തുടങ്ങിയവയും ഓട്ടിസം സെറിബൽ പാൾസി തുടങ്ങിയ കുട്ടികളുടെ പരിശീലനത്തിനായി ഓട്ടിസം സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ടി കുട്ടികളുടെ വൈകല്യം ലഘൂകരിക്കുന്നതിനായുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിലേക്കായി ബി.ആർ.സി.കൾ കേന്ദ്രീകരിച്ചും വിദഗ്ധ ഡോക്ടറുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ഡോക്ടർമാർ നിർദ്ദേശിക്കുന്ന ഉപകരണങ്ങൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ജില്ലകൾ കേന്ദ്രീകരിച്ച് വാങ്ങി നൽകിവരികയും ചെയ്യുന്നു.

(ഡി) പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി ബി.ആർ.സി.കൾ / സി.ആർ.സി.കൾ കേന്ദ്രീകരിച്ച് ശനിയാഴ്ചകളിൽ പരിഹാര ബോധന ക്ലാസുകൾ കുട്ടികളെ പരിശീലിപ്പിക്കുന്നതിനായി പ്രത്യേക പരിശീലനം ലഭിച്ച റിസോഴ്സ് അദ്ധ്യാപകർ നടത്തിവരുന്നു. സ്പീച്ച് തെറാപ്പി, ഫിസിയോതെറാപ്പി തുടങ്ങിയവയുള്ള പരിശീലനം ആഴ്ചയിൽ ഒരു ദിവസം നടത്തിവരുന്നു. ടി കുട്ടികളുടെ രക്ഷകർത്താക്കൾക്കായി ബോധവൽക്കരണ ക്ലാസ്സുകൾ, ഭിന്നശേഷിയുള്ള കുട്ടികളേയും സാധാരണ കുട്ടികളേയും പങ്കെടുപ്പിച്ച് സഹവാസ ക്യാമ്പുകളും, ലോകവികലാംഗ ദിനാചരണം തുടങ്ങിയ ദിനാചരണങ്ങൾ പൊതുജന പങ്കാളിത്തത്തോടെ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly